# ശീലാവതീ ചരിതം

മണിപ്രവാളം.

ഗ്രന്ഥകൎത്താ:

കാട്ടായിൽ ഉണ്ണിനായര്.

പ്രസാധകൻ:—

കെ. സി. ഉണ്ണിരാമൻ നായര്

(Approved by the Madras Text Book Committee)

വില 3 ണ

13494

# ശീലാവതി ചരിതം

മണിപ്രവാളം.

( Approved by the Madras Text Book Committee. )

ഗ്രന്ഥകർത്താ:

കാട്ടായിൽ ഉണ്ണിനായര്.

പ്രസാധകൻ:—

കെ. സി. ഉണ്ണിരാമൻ നായര്.

:o:

4-ാം പതിപ്പ് — കോപ്പി 5000.

CALICUT.

Printed at the Ramakrishna Printing Works.

1929.

Price 3 Annas. വില 3 അണ.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

MP.2

# അവതാരിക.

കാലംകൊണ്ട് കാൎയ്യങ്ങൾക്കെല്ലാം കണക്കില്ലാത്ത മാററങ്ങൾ വന്നുചേൎന്നുകൊണ്ടിരിക്കുമെന്നുള്ളത് ഇന്നുള്ളതല്ല. ഇന്നലെവരെ സകലവിധ സുഖപദാൎത്ഥങ്ങളോടുകൂടി മഹാമണിമേടകളുടെ മുകൾഭാഗങ്ങളിലിരുന്ന് ആനന്ദലഹരിയിൽ ആറാടിക്കൊണ്ടിരുന്ന ആരോഗ്യദൃഢഗാത്രനും സുന്ദരനുമായ കുബേരയുവാവ് കാലത്തിൻെറ പകൎച്ചയിൽ കാലടി തെററി അത്യഗാധമായ ആപൽക്കൂപത്തിൽ അധഃപതിച്ച് ആണും പെണ്ണുമല്ലാതെയും ആലംബമൊന്നുമില്ലാതെയും അനേകായിരം മഹാരോഗങ്ങളാൽ ആക്രാന്തനായി അന്ധതാമിസ്രമട്ടിൽ കിടന്നുലഞ്ഞും "അയ്യോ!" എന്നിങ്ങിനെ അനവരതം അലമുറചെയ്തും അങ്ങുമിങ്ങുമായി അലയുന്ന കുത്സിതനായ ദരിദ്രനായും, കാലം വീണ്ടും തെളിയുമ്പോൾ അതേ മനുഷ്യൻതന്നെ അന്നത്തെ പുരാതനമായ പദവിയേയോ അഥവാ അതിനേക്കാൾ പതിനായിരം മടങ്ങ് പരമായി പ്രശോഭിക്കുന്ന പദാന്തരത്തെയോ പിന്നേയും പ്രാപിച്ച് വിശേഷേണ വിളങ്ങുന്നവനായും കാണപ്പെടുന്നതു ഒട്ടും ദുൎല്ലഭമല്ല.

ഈ വസ്തുസ്ഥിതിക്കനുസരിച്ച് ഭാരതീയരായ നമ്മളും നമ്മുടെ പൂൎവ്വികന്മാരായ മഹാന്മാരുടെ വിജാതീയങ്ങളും അഖിലന്മാരാലും അവശ്യം അനുഷ്ഠേയങ്ങളും അത്യത്ഭുതാവഹങ്ങളുമായ ആചാരവിശേഷങ്ങളിൽനിന്നും ഉത്തമമായ മനസ്വാതന്ത്ര്യത്തിൽനിന്നും തദ്വാരാ അവരുടെ യഥാൎത്ഥാനന്ദാനുഭവേ സജാതീയ സുഖങ്ങളിൽനിന്നും കുറഞ്ഞൊരു കാലങ്ങൾക്കിടയിലായി നന്നെ വ്യതിചലിച്ചുപോയിട്ടുണ്ട്.

അതുകൊണ്ടു പണ്ടത്തെ മാതിരിയിൽ പരമാനന്ദത്തെത്തന്നെ പ്രാപിച്ചതായ പ്രഹ്ലാദാദി പുരുഷശ്രേഷ്ഠന്മാരെപ്പോലെയും ശീലാവതി തുടങ്ങിയ ദിവ്യവനിതാരത്നങ്ങളെപ്പോലെയുമായിത്തീൎന്ന് സത്യമായ സച്ചിദാനന്ദത്തെയും സമ്പൂൎണ്ണമായ സ്വാത

ന്ത്ര്യത്തെയും ശരിയായി സമ്പാദിക്കുവാൻ ആരും ശ്രമിക്കേണ്ടതും അതിലേക്ക അങ്ങിനെയുള്ള പൂർവ്വികന്മാരായ മഹാജനങ്ങളുടെ യഥാർത്ഥ ചരിത്രങ്ങളെ വായിച്ചും അവകളെക്കുറിച്ച അജസ്രം ആലോചന ചെയ്തും മനഃപരിഷ്കാരം വരുത്തി ചിത്തവൃത്തിയെ വൃത്തിയാക്കേണ്ടതുമാകുന്നു.

കാര്യം ആലോചിക്കുന്നതായാൽ ആ തരത്തിലുള്ള മഹാജനങ്ങളുടെ പാവന ജീവിത കഥകൾ കാവ്യമായും ഖണ്ഡകാവ്യമായും പാനയായും താരാട്ടായും പാട്ടായും പകിട്ടായും മലയാള ഭാഷയിൽ സുലഭമായി ഉണ്ടുതാനും. എന്നാലും ആവക സൽഗ്രന്ഥങ്ങൾ ഒരിക്കലും കണക്കിലധികമായി എന്ന ഒരു കുറ്റത്തിന്മേൽ മധുരങ്ങളായ ഭക്ഷണസാധനങ്ങൾ എന്നപോലെ, അരുചിപ്രദങ്ങളായി പരിണമിച്ചു എന്ന പണ്ഡിതന്മാർ എന്നുവേണ്ട പാമരന്മാർ പോലും പറയുവാൻ പുറപ്പെടുന്നതല്ല.

അങ്ങിനെയുള്ള ഈ അവസരത്തിൽ പ്രകൃതപുസ്തകത്തിന്റെ പ്രൗഢതയും പ്രത്യേകം എനിക്ക പ്രിയപ്പെട്ട ആളുമായ രാജശ്രീ കാട്ടായിൽ ഉണ്ണിനായർ ഈ വിധത്തിലുള്ള ഒരു നവ്യപ്രസ്ഥാനത്തിലേക്ക ഒരുങ്ങിയത അവശ്യം അവശ്യമായിത്തന്നെ ഇരിക്കുന്നുണ്ട.

ശീലാവതി എന്ന ദേവിയുടെ നിശ്ചയവും, ബുദ്ധിയുടേ അചഞ്ചലതവും, ഭർത്താവിന്റെ പേരിലുള്ള ദൃഢഭക്തിയും, ശുഭകാര്യത്തിൽ നിഷ്കർഷമുള്ള ആൾക്ക അധികവും ആരംഭത്തിൽ അവിചാരിതങ്ങളായ ആപത്തുകൾക്കും ആധികൾക്കും ഇടവരുമെങ്കിലും അല്പം കഴിഞ്ഞാൽ അനശ്വരമായ ആനന്ദം എത്തുവാൻ ഇടവരുമെന്ന പരമാർത്ഥബോധവും ഈ ചെറുപുസ്തകത്തിൽനിന്നു നമുക്ക് അനായാസേന അറിവാവുന്നുണ്ട്.

ഗ്രന്ഥകർത്താവു ഈ പുസ്തകം കുറഞ്ഞൊന്നു ബദ്ധപ്പെട്ട് എഴുതിപ്പോയിട്ടുണ്ടെന്നും അതുനിമിത്തം “അറം” തുടങ്ങി അല്പം ചില ദോഷങ്ങൾ ഇതിൽ സംഭവിച്ചിട്ടുണ്ടെന്നും തുറന്നുപറയാതെ നിവൃത്തിയില്ല. “കാട്ടേഗതി, നമുക്ക്” എന്ന ഒരു “അറം” കവീ

ശ്രേഷ്ഠനായ കോട്ടയത്തു തമ്പുരാൻ തിരുമനസ്സിലേക്ക് വന്നുപെട്ടതിനാൽ ആ തത്വജ്ഞൻ "കോട്ടകയറി" എന്നും മററുമുള്ള കഥകൾ സുപ്രസിദ്ധങ്ങളാണല്ലൊ.

ഏതായാലും "വന്നതു വന്നു ഇനി മേല്പട്ടു പരിഭവം വന്നുപോകാതെ" എന്നു പറഞ്ഞപോലെ, ഇനിയത്തെ പതിപ്പിൽ നമ്മുടെ പുസ്തക കൎത്താവ് ഒന്നു മനസ്സുനിൎത്തി ഈ ചില്ലറ ദോഷങ്ങളെക്കൂടി പരിഹരിച്ച് ഈ മനോഹരമായ പ്രകൃത ചരിത്രഖണ്ഡത്തെ എഴുതുവാൻ അന്തരമായ സ്നേഹത്തോടുകൂടി അദ്ദേഹത്തോട് അവശ്യപ്പെട്ടും, ഈ ഗ്രന്ഥത്തിലെ പരിപാവനമായ കഥാവിശേഷത്തെ പിന്നേയും പിന്നേയും വായിച്ചു ആനന്ദിച്ച നമ്മുടെ ഉണ്ണിനായരെ അന്തരംകളിരുംവിധം അനുഗ്രഹിപ്പാൻ സുജനങ്ങളോടു സാദരം അപേക്ഷിച്ചും ഈ കൊച്ചു പുസ്തകത്തിന്റെ അവതാരികയെ തല്ക്കാലം സമാപിച്ചുകൊള്ളട്ടെ.

ഈ മനോമോഹനമായ ലഘുഗ്രന്ഥം പാഠശാലകളിൽ ഉപയോഗിക്കാമെന്നു അധികൃതന്മാരുടെ അഭിമതംകൂടി കിട്ടിയ അവസ്ഥക്ക് ഇനി മേലിൽ എങ്ങും അവരവരുടെ വിദ്യാലയങ്ങളിൽക്കൂടി ഇതിനെ ഉപയോഗപ്പെടുത്തി മിസ്റ്റർ ഉണ്ണിനായരുടെ വാസ്തവമായ പുസ്തകനിൎമ്മാണോദ്ദേശത്തെക്കൂടി ഫലിപ്പിച്ചു കൊടുപ്പാനായി അതാത് അധികൃതന്മാരേയും അദ്ധ്യാപകന്മാരേയും ഉത്സാഹപ്പെടുത്തുകയും ചെയ്യുന്നു.

അവതാരികയിൽ പുസ്തകത്തിന്റെ ഗുണദോഷനിരൂപണം അനുചിതമാണെങ്കിലും ഒന്നാം സൎഗ്ഗത്തിലെ 45-ം 46-ം 2-ാം സൎഗ്ഗത്തിലെ 3-ം 18-ം 3-ാം സൎഗ്ഗത്തിലെ 12-ം 27-ം 4-ാം സൎഗ്ഗത്തിലെ 4-ം 18-ം പദ്യങ്ങളും മററും വായനക്കാരെ വിശേഷിച്ചും ആകൎഷിക്കുന്നവയാണെന്നുകൂടി പറഞ്ഞുകൊൾകയും ചെയ്യട്ടെ.

കടത്തനാട്ട് എ. കെ. ശങ്കരവൎമ്മതമ്പുരാൻ. (ഒപ്പ്)

15—4—29.

# സട്ടിഫിക്കററുകൾ.

മിസ്റ്റർ കാട്ടായിൽ ഉണ്ണിനായരുണ്ടാക്കിയ "ശീലാവതിചരിതം" (മണിപ്രവാളം) മൂന്നാംപതിപ്പ് ഞാൻ സകലതും വായിച്ചുനോക്കി. ഇതിൽ ചില പദ്യങ്ങളെ പരിഷ്കരിക്കുകയും ചില പദ്യങ്ങളെ പുതുതായി ചേൎക്കുകയും ചെയ്തുകൊണ്ടു ഈ പുസ്തകം ഇപ്പോൾ പൂൎവ്വാപേക്ഷയാ രമണീയമായി തീൎന്നിട്ടുണ്ടു. ഇതിൽ ചെയ്ത മാററങ്ങളെല്ലാം പഠനപാഠപ്രചാരത്തിന്നു അനുകൂലങ്ങളാകയാൽ ഈ പുസ്തകം 8-ാംതരംവരെ പഠിക്കുന്ന കുട്ടികൾക്കു അത്യന്തോപയുക്തമായി തീരുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

എന്ന് പാലക്കാട്ട് വിക്ടോറിയാ കോളേജിൽ സംസ്കൃതപ്രധാനാദ്ധ്യാപകനായിരുന്ന

പി. രയിരുനായര്

1928 ഫിബ്രവരി 12-ാംനു.

# ശ്രീ

ശ്രീമാൻ കെ. ഉണ്ണിനായരവർകൾ ഉണ്ടാക്കിയ "ശീലാവതീചരിതം മണിപ്രവാളം" ഞാൻ വായിച്ചുനോക്കി. ഇതിൽ പ്രതിപാദിച്ച വിഷയം ശീലാവതീചരിത വർണ്ണനയാകയാൽ അതു എത്രയും പവിത്രവും പ്രസിദ്ധവും ആണെന്നു പറയേണ്ടതില്ലല്ലൊ.

സ്ത്രീകൾക്കു മുഖ്യാലങ്കാരമായി കരുതപ്പെടേണ്ടതായ ഈ പതിവ്രതാധർമ്മം ബാലികാബാലന്മാർക്കു പ്രയോജനമുള്ളതായിത്തീരുന്നതാണ്. വിശിഷ്യ, ശീലാവതിയുടെ കഥ മഹാകവി കുഞ്ചൻനമ്പ്യാരുടെ ലളിതകാവ്യം വഴിയായി കേരളത്തിലെങ്ങും പ്രചാരത്തിലിരിക്കെ ഈ കവിത ആരാലും ആദരണീയമാണെന്നുള്ളതിന്നു സംശയമില്ല.

ഇങ്ങിനെയുള്ള ഒരു കവിതക്കു എന്നെപ്പോലെയുള്ളവരുടെ ഒരു സർട്ടിഫിക്കെറ്റാവശ്യമുണ്ടോ എന്നു സംശയമാണ്. വിശേഷിച്ചു, അല്പകാലത്തിനുള്ളിൽ നാലാം പതിപ്പിന്നവകാശമാകുന്ന ഈ ചെറിയ പുസ്തകത്തിന്നൊരിക്കലും ഒരു സർട്ടിഫിക്കെറ്റിന്നാവശ്യമില്ല. എങ്കിലും എന്റെ അഭിപ്രായം രേഖപ്പെടുത്തി കാണേണമെന്നു ഗ്രന്ഥകർത്താവു് എന്നോടാവശ്യപ്പെട്ടിരിക്കയാൽ മാത്രം ഞാൻ ഇങ്ങിനെ ഒരു സർട്ടിഫിക്കെറ്റെഴുതുവാൻ തുനിയുന്നതാണ്.

കവിത നന്നായിട്ടുണ്ടു. ഏതുഭാഗത്തു നോക്കിയാലും കവിതക്കു ഒഴുക്കും ലാളിത്യവും കാണ്മാനുണ്ടു.

ഈ ചെറുപുസ്തകം എലിമെണ്ടറി സ്കൂളുകളിലെ ബാലികാബാലന്മാർ പഠിക്കേണ്ടതാണെന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു. അങ്ങിനെ ചെയ്യുന്നതായാൽ അവർ തീർച്ചയായും ഗുണപ്പെടുന്നതും ആണ്.

പുതിയറ, } കെ. വി. കുഞ്ഞിരാമൻ ബി. ഏ. എൽ. ടി.
25-4-29 } സ്കൂൾ ഡിപ്യൂട്ടി ഇൻസ്പെക്ടർ.

വടകര,
21—3—29.

ശ്രീമാൻ കാട്ടായിൽ ഉണ്ണിനായരുടെ "ശീലാവതിചരിതം" എന്ന പ്രസ്തുത പദ്യപുസ്തകം മദ്രാസ് ഗവൎമ്മേണ്ടിന്റെ പാഠ്യപുസ്തകക്കമ്മിററിക്കാർ അംഗീകരിച്ച വിവരമറിഞ്ഞു സന്തോഷിക്കുന്നു. ഇത്ര വേഗത്തിൽ നാലാം പതിപ്പിന്റെ ആവശ്യകത നേരിട്ടതുകൊണ്ടുതന്നെ പുസ്തകത്തിന്നു എത്രമാത്രം പ്രചാരമുണ്ടായിട്ടുണ്ടെന്നു ആൎക്കും ഊഹിക്കാവുന്നതാണല്ലോ.

പാഠശാലകളിലെന്നല്ല കേരളത്തിലെ എത്ര ദരിദ്രകുഡുംബത്തിലെയും ചെറുകുട്ടികളും, പ്രത്യേകിച്ചും ബാലികമാർ, ഉരുവിട്ടു പഠിച്ചുവരുന്ന ഈ ചരിതത്തിലെ പാട്ടുകൾക്കുപകരം കുറേക്കൂടി എളുപ്പത്തിൽ ആസ്വദിച്ചറിയത്തക്ക നിലയിലുള്ള ഈ മണിപ്രവാള പദ്യത്തെ എല്ലാ കേരളീയരും സ്വാഗതം ചെയ്യേണ്ടതാണെന്നതിന്നു പക്ഷാന്തരമുണ്ടാവാൻ തരമില്ല. പുസ്തകം വായിച്ചുനോക്കിയതിൽ ചില പദ്യങ്ങളിൽ അല്പാല്പം വ്യത്യാസങ്ങൾ വരുത്തുന്നത് അധികം നന്നായിരിക്കുമെന്നു തോന്നിയിട്ടുണ്ടെങ്കിലും മററു ചില ഭാഗങ്ങളിലെ പ്രയോഗങ്ങളുടേയും ആശയങ്ങളുടെയും വൈശിഷ്ട്യം അവയെ ഏതൊരു വായനക്കാരന്റെയും മനസ്സിൽനിന്നു അകററുമെന്നു മാത്രമല്ല കൂടുതൽ സന്തോഷത്തെ പ്രദാനം ചെയ്യുമെന്നും തീൎച്ചയാണ്.

ഈ ചെറു പദ്യപുസ്തകം മലയാള സ്കൂളുകളിലെ പ്രത്യേകിച്ചും ബാലികാ സ്കൂളുകളിലെ ഉപയോഗത്തിന്നു പററിയതാണെന്നാണെന്റെ അഭിപ്രായം.

കെ. കുമാരനെഴുത്തച്ഛൻ
വിദ്യാഭ്യാസ ഡിപ്ടി ഇൻസ്പെക്ടർ (ജൂനിയർ)

# ശീലാവതീചരിതം.

## മണിപ്രവാളം.

1

ഗിരിശനുടയമൂത്തപുത്രനാമ-
ക്കരിമുഖനും ഗുരുനാഥനും സദാ മെ।
വരമരുൾക മണിപ്രവാളകാവ്യം
സരസമുരക്കുവതിന്നു വീതശങ്കം.॥

2

മതി മുടിയിലണിഞ്ഞ ദേവനും സ-
ന്മതിജനവും സുരരും പിതാക്കളും മെ।
മതിമുഖികളിൽ മൌലിയായ ശീലാ-
വതിയുടെ സൽക്കഥ ചൊല്ലുവാൻ തുണെക്കു॥

3

പറവതിന്നറിവില്ലയെങ്കിലും, ചെ-
റ്ററിവതുചൊൽവ, നതിൽപെട്ടന്ന കുററം।
അറിവുടയ മഹാജനങ്ങളെന്നിൽ
പെരുമനുകമ്പയൊടും പൊറുത്തിടേണം॥

4

സതികളതിമുദാ കഴല്ക്കുകൂപ്പി
പ്രതിദിനമഞ്ജുപുകഴ്ത്തുമുത്തമാംഗി।
മതിഗുണവതി മാനനീയ ശീലാ-
വതി സുദതീമണി ലാലസിച്ചുമുന്നം॥

5

യുവതിയൊരുവളില്ലവൾക്കു നേരാ-
യവനിയിലും ത്രിദിവത്തിലും തിരഞ്ഞാൽ ।
വിവശതയരുളുമുഖങ്ങളിൽ വാച്ച
വിവിധമഹോ! വനിതാജനത്തിനെല്ലാം ॥

6

അനുദിനമവൾതൻ ഗുണാതിരേക-
ത്തിനു മനമേകി വളൎന്നരാഗമൊത്തു ।
പനിമതിമുഖിയാളെ വേട്ടുകൊണ്ടാൻ
മുനിവരനുഗ്രതപസ്സു സൎവ്വവന്ദ്യൻ ॥

7

ദിനകരസമനമ്മുനീന്ദ്രവൃദ്ധൻ
വനഭുവി തീൎത്തൊരു പൎണ്ണശാലതന്നിൽ ।
അനവരതമഹോ തപസ്സു ചെയ്യും
ഫലകുതുകം ഫലവേണ്ടി കാന്തയോടും ॥

8

പരഭൃതമൊഴിയിൽ സ്ഥിരാനുരാഗം
പരമമുദിച്ചു മുനിക്കു, മുഗ്ദ്ധയാളെ ।
ഒരു നൊടിയിടയും പിരിഞ്ഞിരിപ്പാ-
നരുതു, മുനീശ്വരമട്ടിവണ്ണമായി ॥

9

അവളുടെ ഹൃദയാഭിലാഷമെല്ലാ-
മവശതയെന്നിയെ നല്കിയമ്മുനീന്ദ്രൻ
അവമതികലരാതെയന്നു ചേതോ-
ഭവവിജയക്കൊടി നാട്ടിയാശ്രമത്തിൽ ॥

10

ചലമിഴി നിജകാന്തയോടു,മൊന്നി-
ച്ചലസതയെന്നിയെ വാഴുമദ്ദശായാം,
ബലമൊട്ടു മുനിയെക്കടന്നു തൊട്ടാ-
നലഘുതരാർത്തിദ ദുഷ്ടകഷ്ടരോഗം ॥

11

യതിവര,നട,ലന്നു തൊട്ടു കഷ്ട-
സ്ഥിതിയിലമർന്നു വെള്ളക്കവാൻ തുടങ്ങി ।
മതിഗതിയുമഹോ! പിഴച്ചു, ശീലാ-
വതിയി,ലനിഷ്ടവുമുത്ഭവിച്ചു രോഷാൽ ॥

12

കുടിലതയുമവന്റെ ചിത്തരംഗ-
ക്കുടികയറിക്കുടികൊണ്ടിടാൻ തുടങ്ങി ।
മുടിവതിനിടവന്നിടുന്നകാലം
കുടികളിലെക്കുടിലത്വമെന്നപോലെ ॥

13

മതി നിജകണ്വാപാന്തികത്തിൽ വെച്ചു-
സ്സുതികുലമൌലികൾ മൌലിയാളിലേററം ।
യതിവരകലഹം ഭവിച്ചതോർത്താ-
ലതിശയമുച്ചയിലുച്ചരാവുപോലെ ॥

14

അടിമലർപണിയും സ്വകാന്തയാളോ-
ടിടിതവിടാംവടിവുള്ളകൈരനേകം ।
കഠിനതരവചസ്സുരച്ചു കോപ-
ക്കടലിന്നടിക്കു കളിച്ചു മാമുനീന്ദ്രൻ ॥

15

സതിമണിവൈത ചെയ്തിടുന്നതെല്ലാം
യതി, വിഷമമെന്നവിധം ത്യജിക്കയായി ।
അതിശയ,മിതിലാർക്കുമോർക്കിലുണ്ടാം
യതിഗതിയൊക്കയുമിത്തരത്തിലായി ॥

16

കുവലയമിഴിതൻ ഗുണങ്ങളെല്ലാ-
മവയവഭംഗികളും മുനീന്ദ്രഹൃത്താം ।
അവനിയിൽ വിഷവൃക്ഷജാലമായി-
ട്ടവ, സകലം വിഷമം ഫലങ്ങളായി ॥

17

പതിഗതിയിതുമട്ടിലെങ്കിലും തൻ
സ്ഥിതി,ഗതി,മാററമറിഞ്ഞുകൊണ്ടിരിപ്പോൻ ।
മതിയവളും, പതിതന്നിൽ വെക്കംമൂലം
യതി, സതിയോടു വൈരത്തിതെന്നുതോന്നാം ॥

18

എന്തിലാണു, കണവന്നഭിലാഷം
അന്തിയംകില്ല,മവൻപറയാതെ ।
ചിന്തിതത്തി,നനുകൂല,മതെല്ലാം
ദന്തിഗാമിനി കൊടുക്കു,മൊരുക്കി ॥

19

കൂടെനിന്നു കൊടുവാക്കുകൾ കൂടം
ള്ളടെയക്കഴിവനോത്തുവതൊക്കെ ।
പേടമാന്മിഴി പൊറുത്തുനിതാന്തം
പാടുപെട്ടു പല വേലകൾ ചെയ്യും ॥

20

ശാന്തയാകുമവളെപ്പൊഴുതും തൻ
കാന്തനെ പ്രണയഭക്തിഭരത്താൽ ।
ഭ്രാന്തവൃത്തികൾ പൊറുത്തുനിതാന്തം
മാന്തളിർക്കരതലേന തലോടും ॥

21

നാറിടും വ്രണമയന്റെ ശരീര
ക്കൂറിയന്നു ചൂടുവെള്ളമൊഴിച്ചു ।
ചോരയൂറിയ ചലം കൃമിയെല്ലാം ।
വാരിനീക്കുമവളായതഭക്ത്യാ ॥

22

സാരമാം വ്രണവിരോപണതൈലം
ധീരനാം മുനിവരന്റെ ശരീരെ ।
നീറുമാർത്തിവിടുമാറു പതുക്കെ-
ച്ചാരുഗാത്രിയഴകോടു പുരട്ടും ॥

23

കേടുപെട്ടവശനാം പതിതന്നെ
ച്ചാടുവാണി, വിമലോഷ്ണജലത്തിൽ ।
മോടികൂട്ടിയുടനങ്ങു കുളിപ്പി-
ച്ചീടു,മിഞ്ചയുടെനൽപതതേച്ചു ॥

24

ചന്ദനം ജലവുമെന്നിവപിന്നെ
കന്ദമാല്യമഴകുററ നിവേദ്യം ।
എന്നിതൊക്കെ ബലികർമ്മമതിന്നാ-
യന്നതാംഗിയനുവേലമൊരുക്കും ॥

25

സന്തതാംഗി വരിനെല്ലരിയെല്ലാ-
മന്നമതൊട്ടുപദംശസമേതം ।
തിന്നിടാൻ മുനിവരന്നതിമോദം
വന്നുചേരുവതിനും പുനരേകും ॥

26

നല്ലനല്ല കറി മാറി വിശേഷാൽ
വല്ലഭൻ മുനിവരന്നനുവാരം ।
മല്ലനേർമിഴി കൊടുക്കിലുമുള്ളിൽ
തെല്ലുപോലുമവനില്ലൊരു തൃപ്തി ॥

27

കൊള്ളിവാക്കവളോടോതുകയല്ലാ-
തില്ലവേലയവനെങ്കിലുമെന്നും ।
പുള്ളിമാന്മിഴി വരന്റെ ഹിതത്തെ
തള്ളിടാതെ പരിചയ്യനടത്തും ॥

28

ചേലുകെട്ടവനു നിത്യവുമാട്ടിൻ
പാലുകൂട്ടിയവളേകിടുമന്നം ।
നാലുകൂട്ടുകറിയും പുനരേകം
ചേലുകണ്ടു പരമാദരപൂർവ്വം ॥

29

ഇത്യാദികൃത്യങ്ങളെയസൂശങ്ക-
മത്യാദരാൽ ചെയ്കിലുമമ്മുനീന്ദ്രൻ -
നിത്യം ശഠിച്ചുദ്ധതകോപവാക്കാ-
ലത്തന്വിതന്നോടു കയർക്കുമെന്നും ॥

30

“നേരത്തിനേകില്ലൊരു തുള്ളിവെള്ളം
ചാരത്തിരിക്കുന്നൊരെനിക്കു പാൎത്താൽ।
നേരിട്ടു നീയിങ്ങിനെ ചെയ്വതെന്തു
ധീരത്വമത്യന്തകഠോരശീലേ! ॥

31

കള്ളത്തരം നിന്നിൽ മുഴുത്തിതെന്നു-
ള്ളുള്ളത്തിലെന്നിൽ തവ ക്ലേശമില്ല।
വെള്ളം കുടിക്കാത്തതുകൊണ്ടിതാ ഞാ-
നുള്ളം ദഹിച്ചിട്ടു മരിക്കുമാറായ് ॥

32

വേവിച്ചു നീ നൽകുമൊരന്നമെന്നാ-
ലാവുന്നതല്ലൊട്ടുമശിപ്പതിന്നായ്
വേവില്ല നീ വെച്ചൊരും കറിക്കെൻ
നാവിന്നു തെല്ലും രുചിയില്ല പാൎത്താൽ ॥

33

ഉപ്പേരിയും നീയതുപോലെ വെച്ചി-
ട്ടൊപ്പിച്ചിടുന്നുണ്ടതു തിന്നു, നിന്നാൽ।
വെപ്പിച്ചിടുന്നുണ്ടു ദിനേന ചാവാ-
നൊപ്പിപ്പതിന്നായിഹ ഞാനിവണ്ണം ॥

34

കണ്ണിന്നു പുണ്ണുള്ളതുകൊണ്ടെനിക്കു
തിന്നുന്നവസ്തുക്കളും തിരിച്ചു കാണ്മാൻ।
കണ്ണില്ല, കയ്യിൽ തടയുന്നതെല്ലാം
തിന്നുന്നു ഞാൻ, മൃത്യുഭയത്തിലിപ്പോൾ ॥

35

തപ്പാതെയല്ലാസ്ഥിലിവണ്ണമുള്ളോം
തപ്പേരിയും നിന്നുടെ ചോരമെല്ലാം ।
കുപ്പേലെറിഞ്ഞീടുമെടുത്തു, ജീവൻ
നില്പാനഹം കാൺകിലുപായമന്യം ॥

36

കുററം നിണക്കില്ലൊരു കാണിപോലും
തെററൊക്കവെ വന്നതെനിക്കുതന്നെ ।
പററാത്ത നിന്നിൽ പ്രിയമാന്നതെൻെറ
ചെററത്വമെന്നേ പറയേണ്ടതുള്ളൂ ॥

37

പല്ലൊന്നുമില്ലെൻ മുഖകന്ദരത്തിൽ
എല്ലെന്നിയെ മാംസവുമില്ലമെയ്യിൽ ।
വല്ലാത്ത രോഗത്തിലുമായൊരെന്നെ-
ക്കൊല്ലാതെ നീ വെപ്പതുതന്നെ ഭാഗ്യം ॥

38

ദുഃഷ്ട!പരം ദുർമ്മതിയായ നിന്നെ
തൊട്ടന്നുതൊട്ടെന്നുടെ ചട്ടമെല്ലാം ।
മുട്ടിച്ചു, ഞാനെന്നതുകൊണ്ടിവണ്ണം
കഷ്ടപ്പെടാൻസംഗതിവന്നുകൂടി ॥

39

കൂറൊട്ടുമില്ലാത്ത വരാംഗി നിന്നെ
മാറത്തണപ്പാൻ കൊതിവെക്കമൂലം ।
കീറാത്തമുട്ടിക്കു സമാനനായ്ഞാൻ
പീറത്തരത്തിന്നൊരു പാത്രമായി ॥

40

മാറാത്ത ദുൎവ്വ്യാധി പിടിച്ചുപാടെ
കീറിച്ചലം വാൎന്നിടുമെൻെറ ഗാത്രം ।
നാറിപ്പുഴുത്തുള്ളതുമോൎത്തു കണ്ടാ-
ലാരുണ്ടറക്കാത്തവരീജഗത്തിൽ ॥

41

ചാകിന്നടുത്തുള്ളൊരു വൃദ്ധനേവം-
ഊക്കിട്ടു വേളിക്കു തുനിഞ്ഞുകൊണ്ടാൽ ।
നോക്കിട്ടുവന്നീടുമനൎത്ഥജാലം
നീക്കിട്ടു ചാവാനവനാവതാമൊ? ॥

42

ചരിക്കുകില്ലതൊരു കന്യകൾക്കും
മരിക്കിലും വൃദ്ധൻനേരെ ചിത്തം ।
സ്മരിച്ചു പക്ഷേയതുപിന്നെ ഞാൻ ധി-
ക്കരിച്ചതീവന്നൊരബദ്ധമിപ്പോൾ ॥

43

നരിക്കുതുല്യൻ തരുണിക്കുവൃദ്ധൻ
ധരിച്ചിടാതിത്ഥ,മവൻഭ്രമിച്ചു ।
വരിച്ചു കന്യാമണിതന്നെയെന്നാൽ
തിരിച്ചിലാം ലാഭമവന്നൊടുക്കം ॥

44

ധനത്തിലത്യാഗ്രഹമുള്ള നാരീ-
ജനങ്ങൾ വൃദ്ധൻെറ മനസ്സിളപ്പം ।
മനസ്സിലാക്കിപ്പെരുമാറി ചിത്തം
മനംകുലുക്കിക്കവരുന്നിതെന്നും ॥

---

45

ധരിക്കുകില്ലി,ങ്ങിന്നെയൊന്നുമെൻമ-
ട്ടിരിപ്പതാം പാമരജാതിയെന്നും ।
ഒരിക്കലഞ്ഞാഴി ഭുജിച്ചിട്ടന്നോം-
ക്കിരിക്കുമോ മോഹമുരിക്കുനേരെ ॥

46

നിരന്നുകക്കുംപുന,രിത്തരക്കാർ
പരംപരാധീനതകൊണ്ടൊട്ടുക്കം ।
തരംകെട്ടും ഭുക്തിരസത്തി,ലഗ്രൌ
പരംപെട്ടും,പാററകളെക്കണക്കെ ॥

47

മനസ്സു കന്യാമണിയാൾക്കു, വൃദ്ധൻ,
ധനത്തിലെന്നുള്ളതറിഞ്ഞിടാതെ ।
മനസ്സിലെന്നും, തനു തന്നിലേവം
ഫലനക്ഷയം വൃദ്ധനുറച്ചുപോയാൽ ॥

48

തടിച്ചുനില്ക്കും തറവാട്ടിലന്നാ-
ളിടച്ചിലും, മാനധനാദികൾക്കു ।
മുടിച്ചിലും, വന്നണയുന്നു, സർപ്പം
കടിച്ചുകേറം വിഷമെന്നമട്ടിൽ ॥

49

എനിക്കുപക്ഷേ ധനമില്ല പണ്ടേ
നിനക്കതെല്ലാമറിവുള്ളതല്ലേ ।
മനസ്സുരുക്കം മമ, ലാഭമിപ്പോൾ
കനത്തിരിക്കും തവ കൈതവത്താൽ ॥

50

ധരിച്ചതില്ലിക്കഥ നിന്നെയോൎപ്പാൻ
സ്മരിച്ചകാലത്തതുമൂലമിപ്പോൾ ।
തിരിച്ചിലായി, മമകൎമ്മദോഷം
മരിപ്പതിന്നും വഴിയില്ല പാൎത്താൽ ॥

51

മോഹംനിനക്കില്ലണുപോലുമെന്റെ
ദേഹത്തിലെന്നിങ്ങറിയാതെ നിന്റെ ।
ദേഹത്തിലാശിച്ചതുകഷ്ടമാം, ദു-
ൎമ്മോഹത്തിലാപത്തു വരാത്തതാക്കാം ॥

52

ഭോഗങ്ങൾയാതൊന്നുമഹോ ഭുജിപ്പാൻ
യോഗംനിനക്കില്ലണുപോലുമിപ്പോൾ ।
രോഗാന്ധനാമെന്നിൽ നിനക്കു തെല്ലും
രാഗംജനിക്കാത്തതുമീവഴിക്കാം ॥

53

കണ്ണില്ലകാണ്മാൻ, ചെവിയില്ലകേൾപ്പാ-
നുണ്ണുന്നതിന്നും വകയില്ലെനിക്ക് ।
ദണ്ഡം നിനച്ചാലിതുവണ്ണമൊന്നെ-
ന്നെണ്ണുന്നതിന്നില്ലൊരുവന്നു ഭൂമൌ ॥

54

കൂട്ടിൽ കിടക്കുമൊരു പക്ഷികണക്കു ഞാനി-
ക്കാട്ടിൽ കിടന്നു തിരിയുന്നു, സഹായമാരും
കാട്ടിത്തരുന്നതിന്നുമില്ല, പഴുതുമില്ല.
മോട്ടിൽ കിടക്കുവതിലാണിതിലും സുഖംമെ ॥

55

കഷ്ടപ്പെടുന്നളവിലായവനോടൊരാളും
ഇഷ്ടപ്പെടുന്നപതിവില്ലി,തിബ്ബുദ്ധിമാന്മാർ ।
തിട്ടപ്പെടുത്തി, യവരായതു പണ്ടത്തുക്കൾ
കൊട്ടപ്പലം ഭുവികഴിച്ചു പറഞ്ഞതത്രെ ।।

56

തിന്നുന്നതിന്നിവിടെയല്ലതു,മൊന്നെനിക്കു
വന്നിങ്ങുവല്ലവരു,മേകുകിലന്നൊഴിച്ചു ।
ഉണ്ണുന്നതിന്നു വഴിയി,ല്ലതിനായിനിന്നെ
യെണ്ണുന്നതിൽ ഫലവുമില്ലിനിയെന്തുചെയ്യാം ।।

57

മുഞ്ഞാറി, ചാമ, തിന, ചോളമിതൊന്നുമിപ്പോൾ
ക്ഷുത്താററിടുന്നതിന്നു കിട്ടുകയില്ല തെല്ലും ।
അത്യർത്ഥമെന്നുദരവഹ്നിയെരിഞ്ഞിടുന്നു-
ണ്ടോർത്താലിതൊക്കെ മമ ജാതകദോഷമത്രെ ।।

58

പോരാനിനക്കിലിഹഞാൻ തവരക്ഷചെയ്വാ-
നാരാലിരുന്നു മമ രക്ഷയതിന്നുനീയും ।
പോരാതെപോക,യതുകൊണ്ടിനിയെന്നെവിട്ടി-
ഘോരാടവീതലമിതാക നിനക്കിരിപ്പാൻ ।।

59

പാരം കുറഞ്ഞിതിവിടെ തിന, ചാമ, ചോളം
സ്വൈരംമുനീന്ദ്രരഖിലംബത തിന്നൊടുക്കി ।
ഹാ! രമ്യമൂലഫലജാലവുമോർക്കിലൊററ
നേരത്തിനും നഹിയരണ്യമിതിൽ ഭുജിപ്പാൻ ।।

60

ദൂരത്തുനിന്നിവ വഹിച്ചിഹകൊണ്ടുവന്നി-
ദ്ദാരിദ്ര്യശാന്തിയതു ചെയ്വതിനായെനിക്കു ।
പ്രാരബ്ധകർമ്മഫലമിങ്ങനുവാദമേകു-
ന്നോരത്തൊഴിഞ്ഞൊരുനിവൃത്തിയുമില്ലപാർത്താൽ ॥

61

ഉള്ളംനിനക്കധികമാമതുമെന്റെ നേരെ
കൊള്ളിപ്പതിന്നു തുനിയാതെയിരിക്കണം നീ ।
കള്ളിക്കിരിക്കുമൊരു മുള്ളിൻതുല്യമാം നി-
നുള്ളിത്ഥമെന്നതുമെനിക്കറിയാം കശീലെ ॥

62

തള്ളക്കു പിള്ളയിലിരിപ്പതുപോലെ കാന്ത-
ക്കുള്ളത്തിലിഷ്ടമമലം, വരണം വരങ്ങൾ ।
കള്ളത്തരത്തിൽ മറയാത്തവൻ തന്റെ രക്ത-
ത്തുള്ളല്ലടിക്കു പതിയാതെ, ദയക്കുമുള്ളിൽ ॥

63

നീ മൂലമിങ്ങിനെ വലഞ്ഞിതു ഞാനിതാ, നീ
ഞാൻമൂലവും, പരമസങ്കട,മിങ്ങിതെല്ലാം ।
താന്മൂലമാണവനവന്നു വിപത്തു സമ്പ-
ത്തിമൂലമോർമ്മയിലിരിക്കണമേതൊരാൾക്കും ॥

64

കാലത്തു കഞ്ഞിയൊരുതുള്ളി തരാൻ നിനക്കി-
ക്കാലത്തുതെല്ലുമൊരു ചിന്തയുമില്ലിതെന്റെ ।
കാലം ദുഷിച്ചഫലമാം, വിപരീതമാകും
കാലംവരുന്നളവിലേവനുമേവമാവാം ॥

65

കാന്തന്റെവാക്കു കഠിനം സകലം സഹിച്ചു
താന്തന്നെപോയ് ചില മരുന്നുകൾ സംഭരിച്ചു !
സന്താപനാശനമരച്ചുഥ ഭദ്രമാക്കി—
ക്കാന്തവ്രണങ്ങളെയടച്ചവൾ തേച്ചുണക്കി ॥

66

അന്നത്തിനും രുചിമുനിക്കളവാക്കി മുന്നി-
ട്ടുന്നതിനൊത്തധടയാളതുലപ്രമോദം ।
എന്നിട്ടുമില്ലവനതൃപ്തി, കയത്തെരിത്തു
നിന്നിട്ടു കൊള്ളിവചനങ്ങളെ മാത്രമോതും ॥

67

എന്നാലും മുനിവീരധീരമമലം കാന്തം
സ്വകീയം ഗമി-
ച്ചൊന്നാലുംവരനപ്രിയത്തിനിടയുണ്ടാക്കാ-
തിരുന്നീടുവാൻ ।
തന്നാലാംവിധമുദ്യമംപ്രതിദിനം ഹൃദ്യം
സതിക്കുള്ളതും-
കണ്ണൊന്നാലമ്മുനി കണ്ടിടുന്നതവനിട്ടില്ലാ
പുറത്തല്പവും ॥

68

കഷ്ടപ്പാടോക്കി,ലെന്തൊന്നിതിലധികമൊരാൾ
ക്കെന്തിനെത്തുന്നതിന്നാ-
യിഷ്ടത്തിൽപെട്ടിരിക്കാം ഗുരുജനമെതിരായ്,
വാ[illegible] !

മുട്ടിച്ചിട്ടുണ്ടു പണ്ഡിത്തരമൊരുസതിഃയ
ദൈവമെന്നുള്ളതും ഞാൻ
കേട്ടിട്ടില്ലിന്നിതിന്റെ പൊരുളറിവതിന്നാ-
രീശനല്ലാതൊരന്യൻ ॥

ഒന്നാംസർഗ്ഗം സമാപ്തം.

---

## രണ്ടാം സർഗ്ഗം.

---

1

അക്കാലമമ്മുനികുലേശ്വരനെ പ്രകാമം
ഷിക്കുന്നവന്നു ചില ഭൂസുരവര്യരൊത്തു ।
നീക്കംവരാതെ ദിവസംപ്രതി ഭിക്ഷയുണ്മാ-
നായ്ക്കൊണ്ടുചെല്ലുവതിന്നെത്തിവിളിക്കയായി ॥

2

ചൊന്നാൻമുനീന്ദ്രനതുനേരമഹൊ! വിശങ്ക-
മന്നാത്മകാന്തയോടു മന്ദമനല്പരാഗം ।
മെന്നായതാക്ഷി! ചിലഭൂസുരർ ഭിക്ഷയേല്പാൻ
വന്നാദരം ക്ഷണനമിങ്ങു കഴിച്ചിതല്ലോ ॥

3

പോവുന്നതിന്നു ബഹുമോഹമെനിക്കു, ചിത്തം
വേവുന്നു പാരമിഹ പട്ടിണിയാകമൂലം ।
ആവുന്നപോലിതിലെനിക്കു തുണക്കണം നീ
ചാവുന്നതും പെരിയ സങ്കടമാണിവണ്ണം ॥

4

എന്നാലതിന്നു നടകൊള്ളുവതിന്നസാദ്ധ്യ-
മെന്നാണു വന്നതതുകൊണ്ടിനി നിത്യവും നീ |
എന്നേയെടുത്തു നടകൊള്ളുക, ഭൂമിദേവർ-
തന്നാലയാന്തരമതിലൊക്കവെ ഭിക്ഷയുണ്മാൻ" ||

5

'മൽകാന്തനെൻ ചുമലിലേറുക, ദോഷമൊന്നു-
മേല്ക്കാതെടുത്തഹമഹോ ബത! കൊണ്ടുപോകാം |
നിക്കംവരാതെ ദിവസംപ്രതി'യെന്നുചൊന്നാ-
ളക്കമ്രഭാഷിണി പതിംപദതാർ വണങ്ങി ||

6

മെല്ലെയെടുത്തു കണവം ചുമലിൽ കരേററി
ഫുല്ലാംബുജാക്ഷിയതുനാളകതാരെരിഞ്ഞും |
മല്ലാരിപാദമകമേ നിരുപിച്ചുകൊണ്ടും
വല്ലായ്മവിട്ടവൾ നടന്നിതു സാഹസാഢ്യം ||

7

ചെന്നില്ലൊരൊന്നിലവൾ കാന്തനെയും വഹിച്ചി-
ട്ടുണ്ണിച്ചുപോന്നിതുപോൽ ദിവസങ്ങൾതോറും |
ഖണ്ഡിച്ചു മാർഗ്ഗമതിൽ നേരിട്ടമല്ലൽ, മന്ന-
ദ്ദണ്ഡിച്ചു വിപ്രഗൃഹമൊക്കവെ മാറി മാറി ||

8

ഏവം സുഗാത്രി നിജകാന്തനമാത്രമാത്തെ
മേവുന്നനാളൊരുദിനം നിജകാന്തയോടു |
ആ വമ്പനായ മുനി ചെയ്തിതു ചോദ്യമൻപോ-
ടേവം ത്രികാലഗുണദോഷവിചാരശീലൻ ||

9

ഞ്ഞാദരാൽ കമനി! യെന്നെയെടുത്തു നീ കൊ-
ണ്ടന്നാവഴിക്കൊരു ഗൃഹം രമണീയമേററം ।
കന്നിച്ചുകണ്ടിതവിടന്നു വിടുന്ന്വെള്ളം-
വന്നാവഴിക്കൊഴുകിടുന്നതുമപ്രകാരം ॥

10

അന്നേരമാവഴി പെരുത്തുവളച്ചുകൊണ്ടു-
മെന്നേയെടുത്തു ബഹുദണ്ഡമിയന്നുകൊണ്ടും ।
പോന്നുള്ളതോക്കിലതിസാഹസമാ!മതെന്തി-
ന്നെന്നുള്ളതെന്നൊടുരചെയ്യുക സാധുശീലെ ॥

11

ചൊല്ലൊണ്ടിട്ടും നൃപതിതൻമണിമന്ദിരത്തി-
ന്നൊക്കുന്ന കെട്ടിടമുയന്നൊരുപോലെന്നാലും ।
നില്ലുന്നുകണ്ടു, പരമമ്പിളികാന്തിയേററാൽ
തോല്ലുംവിധം ധവളഭിത്തികളെത്രരമ്യം ॥

12

കെട്ടിപ്പടുത്തകിണറ,ററംമറയോടു നല്ല-
മട്ടി,ഷ്ടമേകുമൊരു കൽത്തളവും തഥൈവ ।
കെട്ടിക്കയററിയ വരാന്തകളാദിയേത്തും
ഞെട്ടിക്കുമുററംകമലമില്ലവിവാദമൊന്നും ॥

13

തെങ്ങും, വിശേഷതരമായ കവുങ്ങു,മെങ്ങും
തിങ്ങുന്നനൽക്കൊടികളും, വാഴകളാദിനാലും
ഭംഗ്യാവിളങ്ങി വിലസുന്നൊരുമന്ദിരം, നീ
യിങ്ങോട്ടുകാരുടയതെന്നു മനോഹരാംഗി' ।

14

ഏവം മുനീന്ദ്രനുരചെയ്തതു കേട്ടനേരം
ഭാവംതെളിഞ്ഞു കമനീമണിയോതിയേവം ।
ഘോരംവിശ്വമൊക്കവെജയിപ്പൊരു വേശ്യക്കൂട്ടം-
ന്നാവശ്യഗേഹമിതരംഗ്രഹമല്ലതോർത്താൽ ॥

15

വശ്യപ്രയോഗമവളിൽ പരമായ സൌന്ദ-
ര്യൈശ്വര്യസാരസുഗുണങ്ങളിണങ്ങിയേവം ।
വിശ്വത്തിലെങ്ങുമൊരു വേശ്യയിലും നിനച്ചാ-
ലാശ്ചര്യമായവിധമില്ലിതുപോലെ വേറെ ॥

16

നോക്കും, വിലാസമധുരസ്മിതവും, സമസ്ത-
മുൾക്കാമ്പുലച്ചുമവൾതൻ കുയിലൊത്തപാട്ടും ।
കേൾക്കുന്നതാകിലതിലിന്ദ്രനുമാട്ടു, മാളാൽ
തിക്കുംതിരക്കുമവിടെ പറവാൻ പ്രയാസം ॥

17

വിത്തംപെരുത്ത ബഹുവൃദ്ധരുമസ്ഥലത്തിൽ
ചിത്രം വിചിത്രമുടനെത്തിയതേറാ, തദീയം
ചിത്തം ഹരിക്കുവതിനാത്തൽമുഴുത്തു വേണ്ടും-
വിത്തംകൊടുത്തവളൊടൊത്തു രമിച്ചിടുന്നു ॥

18

ഇല്ലങ്ങളും ധനവുമാധരണീസുരന്മാർ
പുല്ലെന്നപോലഖിലമങ്ങു വെടിഞ്ഞുനിത്യം ।
ചെല്ലുന്നു, പാററകളെരിഞ്ഞിടുമഗ്നി കണ്ടു
ചെല്ലുംപടി, ക്കവളിലുള്ളനുരാഗവായ്പാൽ ॥

19

വിത്തംപെരുത്ത നൃപവീരരേയും, ധനത്തി-
ലത്യാശയാലവൾ വരുത്തി ഗൃഹത്തിലാക്കി ।
അൎത്ഥം സമസ്തവുമുടൻകരത്തിലാക്കി
സ്സത്യം, വെറുത്തവരെ വിട്ടിടുമന്ത്യ,മാട്ടി ॥

20

ഈവണ്ണമേറെ വിരുതുള്ളവളന്തിനേര-
മാവുമ്പൊൾ മേൽകഴുകിടുന്ന ജലം നികൃഷ്ടം ।
ഞാ മാലതും വഴിയിലൂടെഴുകുന്നു കണ്ടി-
ട്ടാ മാൎഗ്ഗമന്നു വിടുവാനിടവന്നു കാന്ത! ॥

21

കേട്ടുള്ളതാം ജലമതെന്നതു മുമ്പിലേ ക-
ണ്ടിടുന്ന ഞാൻ ജലമനൎത്ഥമതങ്ങുതൊട്ടാൽ ।
കേടററിടും വ്രതമതിനുമെനിക്കഹോ വ-
ന്നീടും തപസ്സിനിഹ നാശവുമക്ഷണത്തിൽ ॥

22

മംഗല്യസൂത്രമതിനും വരുമത്യനൎത്ഥം
മങ്ങാതെയന്യഗുണമുള്ളതിനും തഥാമെ" ।
ഭംഗംവെടിഞ്ഞ ഗിരമിങ്ങിനെ കേട്ടുകഷ്ടം-
അംഗം തളൎന്നു മുനിതൻ മനമൊന്നുമാറി ॥

23

മാരാസ്ത്രമേററതുനിമിത്തമവന്നു ചിത്തം
പാരംകലങ്ങി നിലവിട്ടു മറഞ്ഞിതൊന്നു ।
ധീരത്വമൊക്കെയുമുടൻ നടകൊണ്ടു, ധീര-
മാരാസ്ത്രമാം, മുനിജനങ്ങളെയും വലക്കും ॥

24

വാരാംഗനാമണി മഹാമിഷമെന്നു ചിത്തെ
നേരെ ഗ്രഹിക്കുവതിനാസ്ക്കുഴിയും മുനീന്ദ്രൻ ।
ധീരാഗ്ര്യ,നായതുമറച്ചു നിനച്ചു ചിത്തം
തീരാത്തൊരാധിയുടെ ഭാജനമാക്കിവെച്ചു ॥

25

വേശ്യാംഗനാമണിയിൽവന്നനുരാഗരോഗം
ആശ്വാസമെന്നിയെ വളൎന്നു കൊണ്ടു,റക്കം ।
ഏല്പാപലാൽ മതിമറന്നു,വെടിഞ്ഞി,തൂണും-
പിമ്പാന്നു പാമരജനോപമമമ്മുനീന്ദ്രൻ ॥

26

തീരെത്തളൎന്നു മുനിപുംഗവനാശ്രുതന്റെ
നേരെയനംഗശരമേല്ക്കുകകൊണ്ടുകഷ്ടം! ।
ദൂരെ ത്യജിച്ചു മുനിവൃത്തികൾ, മാമുനീന്ദ്രം
രാരും വിടാത്തവകളെങ്കിലു,മമ്മുനീന്ദ്രൻ ॥

27

ആലസ്യവും പരമുയൎന്നു മുനീശ്വരന്റെ
ചേലൊക്കെമാറി,മിഴിയിൽ ചുടുവെള്ളമേറി ।
നാലഞ്ചുനാളിടയിലിങ്ങിനെ കണ്ടു,ചെയ്യാ
ലോലായതാക്ഷിയവനോടൊരു ചോദ്യമേവം ॥

28

"എന്താധിയെങ്കിലുമുരയ്ക്കുക,കാന്തനെന്നു
ചിന്താവികാരഗതി,യായതുമെന്നൊടിപ്പോൾ ।
കാന്തൻഭ്രമിക്കരുതഹമ്മതിയല്ല ചൊൽവ-
തെന്താകിലും കഴിവതിന്നുളവാക്കിടുംഞാൻ ॥

29

എന്നോടുകാന്തനുരചെയ്യുമതെങ്കിലെന്നി
മുന്നോട്ടു ദോഷമതുകൊണ്ടൊരു തെല്ലുപോലും !
വന്നീടുമെന്ന നിനവുള്ളിൽ വരായ്കവേണ്ട"-
മെന്നോതിനാളതുലയാം മുനിയോടു സാദ്ധ്വീ ॥

30

ശീലാവതീവചനമന്പൊടിവണ്ണമന്ന-
ക്കാലാരിയോടു സദൃശൻ മുനികേട്ടുഹൃത്തിൽ ।
ഉലാണ്ടുകൊണ്ടധികവൃദ്ധ,നമന്ദമന്നാ-
ലോലായതാക്ഷിയോടുരച്ചിതു സാവധാനം

31

ബാലേ!യശേഷവനിതാജനമൂർദ്ധ്നിചൂടും
മാലേ!യെനിക്കു ഗണികാംഗനയെന്നുകേട്ടു !
ചാലേയുദിച്ചിതവൾതന്റെ ഗൃഹത്തിലൊന്നി-
ക്കാലേ ഗമിക്കുവതിനായൊരുമോഹമയ്യേ ॥

32

നീയായതിന്നു തുണചെയ്യണമെന്നതന്യേ-
യീയംശനിങ്ങുവതിനില്ലൊരു മാർഗ്ഗമന്യം ।
ഈയാശ ദോഷകരിയെന്നറിയായ്കയല്ലി-
മായാവികാരമിതു,വാസനയാം മദീയം ॥

33

എന്നാകിലെന്നിയുടനെന്നെയെടുത്തു,നീപോ-
യിന്നാളിലർദ്ധനിശി ചന്നണയുന്നമുമ്പെ ।
സ്വന്താരിയോടു കിടനില്ലൊരു വേശ്യഗേഹം
തന്നിൽ സതീമണി,യണക്കുകശങ്ക്യശീലേ ॥

34

വാരാംഗനാമണിയൊടൊത്തൊരുനാളിരിപ്പാൻ
ത്വരാന്തമോഹമുളവായതു സിദ്ധമാക്കി ।
പോരാൻ തദീയമനവാദമതൊന്നെനിക്കു
തീരാകൃതാർത്ഥതയൊടേകണമിന്നുബോലെ ॥

35

നോക്കേണ്ട നന്മയൊടുതിന്മകളും,കാന്തരോത്തും
വാക്കേതിലും തരുണിമാ,രെതിരായുരച്ചാൽ
ഓക്കേതിനും വരുമനർത്ഥമനേകമല്ലോ-
ള്ളക്കേറിടുന്നവിധമാ,യഖിലപ്രബോധേ ॥

36

കാന്തൻശഠൻ പെരിയകോപിയതീവദുഷ്ടൻ
ഭ്രാന്തൻകണക്കുകഠിനം കലഹിച്ചുനിത്യം ।
മോന്തക്കടിസ്സുമവനാകിലു,മായവൻെറ
കാന്തക്കുദൈവമവനാ,ണവനീതലത്തിൽ ॥

37

കേട്ടററിടുന്ന തരുതൻമുകളിൽകരേറി
കൂട്ടംലതക്കു തരുവൊന്നുമതിന്നുമീതെ ।
ഈട്ടററതില്ലു,ലതയായതി,നംബർകോനെൻറം
കേടററകല്പതരു,വത്തരുതന്നെപാരിൽ ॥

38

ഇന്നായതാക്ഷി!ശൃണു ഞാനിഹ വേശ്യയിങ്കൽ
വന്നാശകൊണ്ടുപറയുന്നവയല്ലിതൊന്നും ।
എന്നാകിലലെൻെറ ഹൃദയെകുടികൊണ്ടമോഹം
മിന്നാദരാൽ സുമുഖി, സാദ്ധ്യമതാക്കണം നീ ॥

39

ഭർത്താവുതന്റെ മൊഴിയിങ്ങിനെ കേട്ടനേരം
ഏത്താധിതന്നിൽനിപതിച്ചവളൊന്നു ഞെട്ടി!
ഓർത്താലിതെന്തുകഥയാണു, വിശിഷ്ടനാകും
ഭർത്താവി,തിങ്ങിനെനിനച്ചതു ഹന്തകഷ്ടം! ॥

40

എന്നാലസഹ്യതര,മെൻ കണവൻതനിക്കീ
വന്നാശപോക്കവതി,നെങ്കിലു, മെന്റധർമ്മം!
ഒന്നാണിതിൽ,പ്രിയനെതിർക്കുകതന്നെ,യന്യ
മന്യായമേവ,മകമേ നിരുപിച്ചു സാദ്ധ്വി ॥

41

ആചാര്യനെങ്കിലുമഹോ നിനയാതെകഷ്ട-
മാചാരലംഘനമതിന്നു തുടർന്നിടുമ്പോൾ!
ആചാരമാണവിടെയിയുപദേശമേവ-
മാചാര്യരാകുമവരൊക്കെയുമോതിടുന്നു ॥

42

കണ്ണില്ലാതൊരു ശത്രുവെങ്കിലവനും
സന്മാർഗ്ഗമൊന്നും തിരി-
ച്ചെണ്ണീടാനറിയായ്കകൊണ്ടു കെണിയിൽ
ചാടാനൊരുങ്ങീടുകിൽ!
ഞൊണ്ടിച്ചെങ്കിലുമോടിയെത്തിയവനെ
പൊത്തിപ്പിടിക്കെന്നതി-
മന്നിൽ ധർമ്മമയന്നതെണ്ണുവതിനൊ-
ന്നന്യങ്ങൾ നിന്ദ്യങ്ങളാം. ॥

43

കൂടാതാം സമയം ഭ്രമിച്ചു ബഹുള്ളേ-
കതിക്കായിവീണ്ടും തിരി-
ച്ചോടാനായ്ത്തുനിയാഴ്കയെന്നു നിയമി-
ച്ചുള്ളാപ്തവാക്യത്തിനെ ।
തേടാതെന്തിതു വൃദ്ധനിക്കുലടതൻ
ഗേഹേ കടന്നീങ്ങിനെ
കൂടാതായ്ക്കൂടരുന്നതിൻെറ പൊരുളെ-
ന്തൊന്നാണറിഞ്ഞില്ല ഞാൻ, ॥

44

എന്നേവം പലജാതിയും ഹൃദിനിന-
ച്ചുന്നസ്സതീരത്നമാം
തന്വീ കാന്തപദാരവിന്ദമമലം
വന്ദിച്ചുകൊണ്ടഞ്ജസാ ।
മന്നിൽ ഖ്യാതി വളൎന്നിടുന്ന കുണവം-
ന്തങ്കൽ കനിഞ്ഞാദരം
മുന്നിട്ടിത്തരമത്തലോട്ടു തെട്ടുവി-
ഷ്പ്പിട്ടും കഥിച്ചീടിനാൾ. ॥

രണ്ടാം സൎഗ്ഗം സമാപ്തം.

13494

## മൂന്നാം സൎഗ്ഗം.

1

ഗുണമെന്നതു തെല്ലുമില്ലഹോ ദു-
ൎഗ്ഗുണമന്യെ ഗണികാസമാഗമത്തിൽ ।
അണുപോലുമൊരാശ വെച്ചുപോയാൽ
ഗുണവാനും ഭുവി നിന്ദ്യനായ്ഭവിക്കും ॥

2

ഫലമേറിയ വിപ്രജന്മവും നി-
ഷ്ഫലമായിട്ടു വരും പെരുത്തുകഷ്ടം ।
കുലടാംഗനതന്നിലുള്ളമോഹം
വിലകേടാംവിലയുള്ളവന്നുതന്നാം ॥

3

കണികാണുവതിന്നുപോലുമേയി
ഗ്ഗണികകൾക്കില്ല ഗുണം ഗുണാംബുരാശേ! ।
കെണിയാണിവരാം, മൂഷികം പിടിക്കും
കെണിപോൽ, പാപിജനത്തിനെ പിടിപ്പാൻ ॥

4

കെണിയായതിനെബ്ഭയപ്പെടാതെ
ഗുണവാന്മാരഥ ചെന്നതിൽ കടന്നാൽ ।
അണിയായതിൽ നിന്നിടുന്നൊരാപ-
ത്തണിയാം വല്ലഭ! ദുൎയ്യശസ്സുമപ്പോൾ ॥

5

പരിഹാസമതിന്നു പാത്രമാകും
പരിതാപംമമ കാന്തനെക്കഴക്കും ।
മരിയാദ ഭവാനെ വിട്ടൊഴിക്കും
ദുരിതം താനൊടുവിൽബ്ഭവാൻ ഭുജിക്കും ॥

6

ധനമുള്ളതുമൊക്കവെ നശിക്കും
ജനമൊട്ടുക്കു നിരന്തരം വെറുക്കും
ഘനതോഷമശേഷമസ്തമിക്കും
മനമാധിക്കൊരു പാത്രമായ്ഭവിക്കും ॥

7

കുലനാരിയിലാശ വിട്ടു, കഷ്ടം!
കുലടാസംഗമനത്തിനുള്ളൊരിഷ്ടം
കുലഹീനത, ഹന്ത! മാനനഷ്ടം
നിലയില്ലാതെ വരുത്തു,മെത്രകഷ്ടം ॥

8

അതുകൊണ്ടുവദിച്ചിടുന്നതാം ഞാ—
നതുലംതാപമിയന്നുകൊണ്ടിവണ്ണം ।
ഇതു നീ മനതാരിലോർത്തിടേണം
കുതുകം വേശ്യയിൽ നിന്നൊടുത്തിടേണം ॥

9

ഘനരാഗമൊഴിച്ചു കൊൾകവേശ്യാം-
ഗനയിൽ കാന്തനുദിച്ചുപോയതൊക്കെ ।
ഗുണദോഷവിചാരമില്ലവർക്കെ-
ന്നനുമാനിക്കുക രാഗവും തഥൈവ ॥

10

ധരണീസുരർ,ബൌദ്ധരും നിനച്ചാൽ
ധരണീപാലരുമൊന്നുപോലെതന്നെ ।
ധരണീതലമിന്നിതിങ്കൽ വേശ്യ.
തരുണികൾക്കകിലില്ല ഭേദമേതും ॥

11

ധനമേററവുമുള്ള മത്ത്യരെ, ത-
ദ്ധനമെല്ലാമൊരു മട്ടു കൈക്കലായാൽ।
ഉടനെന്തിതിലത്ഭുതംപറപ്പി-
ച്ചിടുമിജ്ജാതി,വെള്ളിക്ക,പഞ്ഞിപോലെ ॥

12

യതികുലമഖിലം കഴല്ക്കുകൂപ്പി-
പ്രതിദിനമങ്ങു പുകഴ്ത്തിടും ഭവാൻെറ।
ഗതിയിതു ശരിയെന്നുറച്ചുകഷ്ടം!
യതിവരർ സവ്വരുമാചരിക്കുമേവം ॥

13

അതുകൊണ്ടൊരുനാളുമെൻെറ കാന്തൻ
കതുകം വേശ്യയിൽവെച്ചുകൊണ്ടിടാച്ചു।
ഇതുമകാണ്ടൊട്ടു നാരകൈപതിക്കു-
ന്നതുകൂടാതിതിലെന്തു നന്മ കാന്ത! ॥

14

ഒരുകാലവുമൊക്ക ലോകത്തിൻ
കര പററാൻ കഴിയാതതിൽ കിടന്നു।
തിരിയും, യമഭൃത്യർ നീണ്ടദണ്ഡാൽ
തരുമേ നാലുപുറത്തുനിന്നു തല്ലും॥

15

ഇതുതെല്ലുമറിഞ്ഞിടാതവൻെറ
ഗതിയെന്തൊന്നിതു പാരിലാരറിഞ്ഞു।
മതിതന്നുടെതാഴ്ച മത്ത്യനന്ത്യം
ഗതികേടിനിയാക്കുമോത്തിടേണം ॥

16

പണമെന്നൊരു ചിന്തയല്ലയാതെ
ഗുണമൊന്നും നഹി വേശ്യജാതിയിങ്കൽ ।
ഗുണമുണ്ടിട, മോർത്തു ചെന്നുചേർന്നാൽ
പിണമാ, മന്നുമതല്ലവൻ ജഗത്തിൽ ॥

17

ഇവയല്പവുമോർത്തിടാതവക്കി
ല്ലവകാശം ഭുവി സ്വൈരമായ്വസിപ്പാൻ
ലവലേശമിതൊന്നുമോർമ്മിയാത്തോ-
രവിവേകത്തിലബദ്ധമുണ്ടുകാന്താ ।

18

ഇതു സത്യമതെന്നുരച്ചിരിപ്പോ-
ക്കെളുനാളും സുഖമെന്നറിഞ്ഞിടേണം ।
ഇതുകേട്ടവളോടുരച്ചിതേവം
മതിമാൻ മാമുനിപുംഗവൻ തദാനീം ॥

19

തരുണീമണി! നീയുരച്ചപോലി-
ന്നൊരുവാക്യങ്ങൾ സതീജനത്തിനോതാൻ ।
ഒരുവേദവുമോതിയില്ലിതാം നി-
നിരുപിക്കേണ്ടതു സുന്ദരാംഗിമാളെ! ॥

20

ഇതിലെന്നോടെതൃത്തുരപ്പതൊന്നും
ഹിതമെല്ലാക്കിലെനിക്കു ജീവനാഥേ! ।
പരിയെന്തുരചെയ്വതായതൊക്കെ
സതിചെയ്യേണമതാണവൾക്കുധർമ്മം ॥

21

പതിചൊല്ലുവതിന്നെതിൎത്തുരക്കും
ഗതിയെന്നും സതികൾക്കു ധൎമ്മമല്ല।
മതിദോഷമിരുന്നിടാത്തനാരീ
പതിയോടിത്തരമാചരിപ്പതല്ല॥

22

പതിയിൽ പ്രിയമററനാരിതന്റെ
പതിവിത്ഥം പറയുന്നു സജ്ജനങ്ങൾ,
അതിനിൎമ്മലമപ്രകാരമെന്നോ
പ്രതിവാദിപ്പതുമാനനീയശീലെ॥

23

മമ കാന്തനിടഞ്ഞു കഷ്ടമെന്നോ-
ടമലൻ ചൊൽവതിനെന്തു ബന്ധ,മേവം
വിമലെ നിരുപിച്ചിടായ്ക വേശ്യാ-
ഭ്രമമെന്നെപ്പിരിയുന്നതല്ല ബാലെ!॥

24

എവനാകിലുമാശു തന്റെ മോഹം
ഭുവനൈവിന്നു മരിച്ചിടുന്നമൂമ്പെ।
യുവതീമണി! സാദ്ധ്യമാക്കിടുന്നോ-
നവനാമപ്പുരുപുണ്യശാലിയോൎത്താൽ॥

25

'സേത്യംവെടിഞ്ഞുള്ളൊരു കൎമ്മമെങ്ങും
മോൎത്തിടിലില്ലാരില!, മെന്നിരിക്കിൽ।
പ്രത്യേകമെന്തിന്നു വിധിച്ചു, പ്രായ-
ശ്ചിത്തങ്ങളാരാലുമലംഘനീയം॥

26

സ്നേഹം നിനക്കെന്നിലിരിക്കിൽ, വേശ്യാ-
ഗേഹത്തിലിന്നാക്കുക വേണമെന്നെ ।
മോഹം നമുക്കേററമതിൽ സഖി! സ-
ന്ദേഹം നിനക്കിന്നിതിൽ വേണ്ടപോലെ! ॥

27

അച്ഛന്ന ചാന്ദ്രായണമാം വ്രതത്താൽ
സ്വച്ഛന്ദഭാവങ്ങൾ ശുചീകരിക്കാം ।
ഇച്ഛിച്ചദുഷ്കർമ്മമിതാശു പ്രായ-
ശ്ചിത്തങ്ങൾകൊണ്ടാശു നിരാകരിക്കാം ॥

28

അന്യായമീയൂഴിയിലില്ലയെന്നാ-
ലിന്യായമെന്തിന്നു വിധിച്ചുവേദം ।
അന്യായമാം ഞാനരചെയ്യതെന്നു
ദുർന്യായമോ നിന്നിലിരിപ്പതാര്യേ ॥

29

ധർമ്മിഷ്ഠരായവരുമാദിയിലന്യശങ്ക-
മോർമ്മിച്ചിടാതെയഥ കമ്പിതചിത്തരായി ।
കർമ്മിച്ചമുന്നമതിഗർഹിതമാമകൃത്യ-
മോർമ്മിക്ക നീയതുമുരക്കുവനല്ലമായ് ഞാൻ ॥

30

സ്വർവ്വേശ്യയാമനഘഃമേനകയൊത്തിരുന്നാൻ
സർവ്വജ്ഞനാം കുശികനന്ദനനാദിയിങ്കൽ, ।
ചൊവ്വോടിരുന്നു ശശി, തൻ ഗുരുപത്നിയോട്ടു-
മവ്വണ്ണമസ്സുരകുലേശനഹല്യയോട്ടും ॥

31

ഓർത്തീടുനീ വരുണനോടഥമിത്രനും ദു-
ഷ്കീർത്തിക്കു കഷ്ടതരമുർവ്വശിയൊത്തിരുന്നു ।
തീർത്തിടിനാരവരിൽ വന്നുളവായമോഹ-
മോർത്തിടുകാത്മജയൊടാത്മജനും തഥൈവ ॥

32

നൽത്തേന്മൊഴിത്തരുണി! കേളിവരാശുപ്രായ-
ശ്ചിത്തമ്മാ തീർത്തതിനാലുളവായ ദോഷം ।
ചിത്തേ നിനക്കകത്തുപോലിതിനാൽവരും ദോ-
ഷത്തെ നമുക്കമിഹ തീർപ്പതിനെന്തു ബന്ധം ॥

38

എന്നാംബുജാക്ഷിയതുകൊണ്ടിനി മാമെടുത്തി-
ട്ടിന്നർദ്ധരാത്രിയണയുന്നതിനാദിയിങ്കൽ ।
എന്നംഗജാർത്തികളയുന്നതിനാശു വേശ്യ-
തന്നംഗ സംഗമമതിന്നിടയാക്കണം നീ ॥

34

ഊക്കാർന്നവൃദ്ധനഹമിന്നതിമോഹമൂഢ-
മാകൊല്ല, യെന്നവളൊടമ്മുനി ചൊന്നനേരം ।
ഊക്കാർന്നരമ്യതവെറും വല്ലഭനെ വഹിച്ചു
ചേക്കേറിടേണമിദമൂരുതളിരിൽ തദാനീം ॥

35

പാരാംകരുത്തൊരിരുളിൽ പ്രിയനെ വഹിച്ചു-
ന്നേരം നടന്നു പദതാരിണകൊണ്ടുതപ്പി ।
ധൈര്യം മനസ്സിനുവരാഞ്ഞു കരഞ്ഞു കണ്ണ്
നീരമ്മാളനടയൊത്തവൾ വാർത്തു വാർത്തു ॥

36

വല്ലായ്മവല്ലതുമഹോ ബത വന്നുകൂട-
മല്ലാതെയില്ല ഗുണമൊന്നിതിലെന്നുമോൎത്തു ।
മല്ലാക്ഷി കാടു പുഴ തോടുകളാദിയായി-
ട്ടെല്ലാം കടന്നഥ വലഞ്ഞു നടന്നിടുമ്പോൾ, ॥

37

കാട്ടിൻനടുക്കു കഠിനം കഴുവിൽകിടക്കും
ക്ലിഷ്ടൻ മുനീന്ദ്രനുടെ നൽപദതാരിലപ്പോൾ
തട്ടീ പരം കഠിന,മുഗ്രതപസ്വിരോഗ്രം
കഷ്ടം വദിപ്പതഹമക്കഥയും ചുരുക്കി ॥

38

അന്നാടടക്കിയഴകോടു ഭരിച്ചിടുന്ന
മന്നാളുവോൻ ഗൃഹമതിൽ ബത ചെന്നുകേറി ।
പൊന്നന്യമാം ധനവുമൻപൊടു ചോരണം ചെ-
യ്തൊന്നിച്ചു തസ്കരഗണം വിപിനേ ഗമിച്ചാർ ॥

39

പെട്ടെന്നുണൎന്നു നൃപഭൃത്യരറിഞ്ഞുഴന്ന-
മ്മട്ടദ്ധരാത്രിയവർ തസ്കരരെ പിടിപ്പാൻ ।
നോട്ടത്തിനാശു ചിലകൈവിളക്കുകൾ മിന്നിയുംകൊ-
ണ്ടോട്ടം തുടൎന്നു വനസീമനി തിരഞ്ഞനേരം ॥

40

കണ്ടാരൊരാളെയവിടെയവർ കണ്ണടച്ചും-
കൊണ്ടാശു വല്കലജടാദികളും ധരിച്ചു ।
മിണ്ടാതിരിക്കുമവനോടവർ ചെയ്തു ചോദ്യം-
മുണ്ടായ സംഭ്രമമൊടും പുനരിപ്രകാരം ॥

41

ആരാണു നീ പറക, രാജധനം ഹരിച്ചു
പാരാതെചോരവരുമെങ്ങു വസിച്ചിടുന്നു ।
വീരാ!വദിക്കുകതു നീയറിയുന്നതെങ്കിൽ
ധൈര്യാംബുരാശി നൃപകിങ്കരരാണു ഞങ്ങൾ ॥

42

ഒന്നും മഹാനവരൊടോതിയതില്ല ബാഹ്യ-
മെന്നുള്ളവസ്ഥയവനെ നിരസിക്കമൂലം ।
പിന്നേയുമായവർ തിരഞ്ഞതിൽ നിന്നുകിട്ടി
മന്നിൽ പുകഴ്ന്ന പടുചോരരെയാകമാനം ॥

43

കിട്ടി പെട്ടവരിൽനിന്നു പെട്ടകം
കട്ടിവെള്ളിയൊടു ഹേമമാദികൾ ।
അട്ടിയാക്കിയഥ വെച്ചുപൂട്ടിയ-
പ്പെട്ടിതൊട്ടവകളൊക്കെയും ക്ഷണം ॥

44

അന്നുതന്നെയവർ വന്നു ഭൂമിപൻ
മുന്നിലാക്കിയുടനദ്ധനങ്ങളെ ।
ഒന്നുമമ്പൊടു വിടാതെകണ്ടു കൊ-
ണ്ടന്നുകെട്ടിയഥ ചോരരേയുമെ ॥

45

കട്ടദുഷ്ടരിവരെ ഹനിച്ചുടൻ
തട്ടുവിൻ കഴുവിലേവമാനൃപൻ ।
തിട്ടമേകിയൊരു കല്പനകൾ,പോ-
യിട്ടു ഭൃത്യർ കഴുവേററി ചോരരെ ॥

46

ഒന്നുമാരോടുമുരച്ചിടാതെ കാ-
ടിന്നുമദ്ധ്യമതിലങ്ങൊരാളെ നാം ।
കണ്ടു, കണ്ണുകളടച്ചു കൊണ്ടിരി-
ക്കുന്നതും പെരിയ കള്ളനാണവൻ !!

47

ദിവ്യ,നായതു മുനീന്ദ്രനായ മാ-
ണ്ഡവ്യനെന്നവനു നാമമെന്നതും ।
ഒന്നുമായവരറിഞ്ഞിടാതുടൻ
ചെന്നുരച്ചു നരനാഥനോടിദം ।

48

കള്ളരെയിഹ ലഭിച്ചു കാടതി-
ന്നുള്ളിലുണ്ടൊരു പുമാനിരിപ്പതെ ।
ഉള്ളതമ്പിനൊട്ടരക്കവൻ മഹാ
കള്ള,നിക്കളവിനാണിയാണവൻ ॥

49

ധീരകിങ്കരരിവണ്ണമെത്രയും
ദൂരെനിന്നു തൊഴുതോതിയപ്പൊഴെ,
ധീരനാം നൃപകുലോത്തമൻ കടും-
ക്രൂരനായ് ഭടരൊടിത്ഥമോതിനാൻ ॥

50

ചെന്നു നിങ്ങളവനെ പിടിച്ചുടൻ
കൊന്നിടാതെ കഴുവേററിയിക്ഷണം ।
വന്നിടേണ,മിതുകേട്ടു ഭൃത്യർ പോ-
യ്‌വന്ദ്യനമ്മുനിവരം പിടിച്ചുടൻ ॥

51

ചൊന്നപോലെ കഴുവേററി ധീരര-
ങ്ങന്നവന്റെ പദപങ്കജങ്ങളെ !
ചെന്നുകണ്ടു തൊഴുതാശ്രുവല്ല സ-
ന്മാനവും വളരെ വാങ്ങി വാങ്ങിനാർ ।

52

ശൂലത്തിനഗ്രമതിലമ്മുനി തന്റെ കഷ്ട-
കാലത്തിളപ്പിനു പതിച്ചിതു ജീവനോടെ
കാലത്തിനുള്ള പിഴവേവനുമുള്ളതേതു-
കാലത്തിലെന്നു പറവാനെളുതല്ലാരാൾക്കും ॥

53

ശീലാവതീസതിയഹൊ പതിയെവ്വഹിച്ച-
ന്നാളാവഴിക്കു നടകൊണ്ടിടുമപ്പൊഴത്രെ ।
ശ്ശൂലാഗ്രമേററഴലുമമ്മുനിപുംഗവന്റെ
കാലിന്നുതട്ടി,യതുലോഗ്രതപശ്ശിരോഗ്രം ॥

54

പെട്ടന്നറിഞ്ഞു പുനരുഗ്രതപസ്സു പോമ-
ന്നാട്ടാകെയമ്മുനിവരൻ നിജ ദിവ്യദൃഷ്ട്യാ ।
ക്ലിഷ്ടൻ 'നിനക്കമൃതി നാളെ ദിവാകരൻ വ-
ന്നിട്ടങ്ങുദിക്കുമള'വെന്നു ശപിച്ചിതപ്പോൾ ॥

55

കഷ്ടം! മഹാമുനിവരൻ നിജഭാര്യതന്നും
പെട്ടന്നു ശാപമൊഴി കേട്ടു മടങ്ങിയേററം ,
ശിഷ്ടൻ നിജാശ്രമമതിൽദ്രുതചെന്നു ശാപ-
ക്ലിഷ്ടൻ മുനീന്ദ്രനഥ കാന്തയൊടേവമോതി ॥

56

നാളെ ദിവാകരമഹോദയവേളയിങ്കൽ
ചീളെന്നു നിൻെറമൃതി നിശ്ചയ’മെന്നു ശാപം ।
കേ,ളിങ്ങുപററിയതു ഹന്ത! മദീയയോഗ-
മാളേകനായതിനു സമ്പ്രതി ഹേതുമാത്രം ॥

57

ഖേദിച്ചു സാദ്ധ്വിയതുകേട്ടു കരഞ്ഞു കാന്ത-
പാദത്തിൽ വീണവനൊടേവമുരച്ചിതപ്പോൾ ।
ഭേദിച്ചിടാതഖിലകർമ്മമതിന്നു സാക്ഷി-
യാദിത്യനാണിതിനു നേരക്ക നിവൃത്തിയുണ്ടാം ॥

58

ബന്ധംവിനാ കഠിനമിങ്ങിനെവന്ന ശാപ-
ബന്ധത്തിൽനിന്നുമമ കാന്തനെവീണ്ടെടുപ്പാൻ ।
അന്ധതമൊന്നുമിതിൽവേണ്ട,രവിപ്രസാദ-
ബന്ധങ്ങളാണിതിൽനമുക്കിനിവേണ്ടതിപ്പോൾ’ ॥

59

സ്നാനം കഴിച്ചിദമുരച്ചവൾ, തത്ര പുണ്യ-
സ്ഥാനംഗമിച്ചു, ദിനനായകമൊത്തു ചിഞ്ഞെ ।
ദീനം സ്തുതിച്ചു, നിജകാന്തനെയന്നു മൃത്യു-
സ്ഥാനത്തിൽനിന്നകലെയാക്കുവതിന്നു ദേവി ॥

60

ആദിത്യദേവ! മമകാന്തനു ഹേതുവെന്യേ
ബാധിച്ചു, കഷ്ടമൊരുമാമുനിതന്നിൽനിന്നു ।
ബോധിക്ക, നാളെയുദത്തിനു മൃത്യുവന്നു
ബാധിക്കു,മേവമൊരു ശാപമനന്തരോഷം ॥

61

വേവുന്ന പിത്തമതുകൊണ്ടയി നാഥജീവൻ
പോവുന്നകാര്യമകമേ നിരുപിക്കമൂലം ।
ചാവുന്ന ബന്ധമിഹ വന്നണയാതെകണ്ടു
പോവുന്നതിന്നു ശരണം ചരണം ത്വദീയം ॥

62

എണ്ണുന്നതിന്നരുതൊരാധിക്യമിവണ്ണം,മേറ-
ദ്ദണ്ഡത്തിൽനില്ക്കു,മതുമാമുനിതന്റെശാപം ।
ഖണ്ഡിപ്പതേതുമെളുതല്ല,ദിനേശ!കേളി-
പ്പെണ്ണാമെനിക്കു,ശരണംചരണം ത്വദീയം ॥

63

ആപത്തിനെന്റെ കണവന്നു,ദിതപ്രമാദ-
ക്ഷോഭത്തിനേകിയവ,നിങ്ങിനെയിന്നുശാപം ।
താപത്തിൽ വീണുഴലുവോനവനും,മഹാന-
ന്താപത്തിനിങ്ങു,ശരണംചരണം ത്വദീയം ॥

64

നീയെന്നിയേയൊരുവനില്ലിതിലെന്റെ രക്ഷ-
ക്കായന്യനെൻകണവനും ധരണീതലത്തിൽ ।
തീയെന്റെ കാന്തനതുകൊണ്ടുളവായതെല്ലാം
പായുന്നതിന്നു ശരണം ചരണം ത്വദീയം ॥

65

എന്നിങ്ങിനെ ബഹുവിധം സ്തുതിചെയ്തു ഭക്ത്യാ
തന്വീലലാമമഥ കയ്യിണകൂപ്പിനില്ക്കെ ।
നിന്നാൻ ദിനേശനുദിയത്തുദയാദ്രിപാർശ്വം
തന്നിൽ സതീമണിയിലാളുമൊരാദരത്താൽ ॥

66

ആദിത്യദേവനുദിയാഞ്ഞനിമിത്തമന്നാ-
ളാദിത്യവൈദികമനോഗതി, സൎവ്വമപ്പോൾ ।
ഭേദിച്ചു, കൎമ്മനിവഹങ്ങൾ മുടങ്ങി പിന്നെ
യാധിക്കു ഭാജനമതായ്ച്ചമിച്ചു ലോകം ॥

67

എന്താണു ബന്ധമിതിനെന്നറിയാതെ, വെന്ത
ചിന്താവികാരഗതിയാലമരേശനപ്പോൾ ।
സന്താപമോടുഴലുമായതുകണ്ടുദന്തം
സന്താപനാശനനുരച്ചിതു, നാരദൻതാൻ ॥

68

വൃത്താന്തമൊക്കെയുരചെയ്തു ജനാവനൈക-
കൃത്യൻമുനീന്ദ്രനമരേന്ദ്രനുമക്ഷണത്തിൽ ।
സത്യംസമസ്തമജനോടറിയിച്ചു ചെന്നി-
ട്ടത്യന്തതാപമൊടുമാദരവോടുമപ്പോൾ ॥

69

ദേവേശനോടുമജനാശു നടന്നു പാരാ-
തീവാൎത്ത ശൈലതനയാപതിയോടുണൎത്തി ।
ആ വന്ദ്യതൃപനതു കേട്ടെഴുന്നെള്ളിയെല്ലാം
ഗോവിന്ദസന്നിധിയണഞ്ഞറിയിച്ചു വേഗാൽ ॥

70

ഇന്ദീവരാക്ഷനവരോടുരചെയ്തിതപ്പോൾ
മന്ദേതരം വിരവിലത്രിമുനീന്ദ്രജായാ ।
തന്നോടിതൊക്കെയുരചെയ്കയല്ലാതി-
ല്ലിന്നിഹ്യുപായമതിനോക്കിലുപായമന്യം, ॥

71

എന്നേവം മുരവൈരിയും ക്ഷണമുര-
ച്ചൊന്നിച്ചുതാനും നട-
ന്നാളിൽ ശിവനും വിരിഞ്ചനമര-
ന്മാരും മഹാവിസ്മയം ।
നന്നായത്രിമുനീന്ദ്രസന്നിധിയണഞ്ഞ -
ന്നേരമിന്ദ്രൻനമി-
ച്ചൊന്നായിട്ടനസൂയ്യയോടഖിലവൃത്താ
ന്തങ്ങളും ചൊല്ലിനാൻ ॥

72

നിന്നേകാണ്മാൻ വിരിഞ്ചാദികളുമിവിടെ
വന്നിരിക്കുന്നു, ഞാനും
നന്നകഷ്ടം! പണിപ്പെട്ടൊരുവിധമിഹനൽ
താപസി!താപഭാരാൽ ।
മന്നിൽ പാടേവിളങ്ങും യുവതികുലമണി ശീ-
ലാവതീ താപമിന്നാ-
ളൊന്നിച്ചെല്ലാമകററിപ്പരിചൊടു രവിതാൻ
വന്നുദിക്കേണ്ടതിന്നായ് ॥

മൂന്നാംസർഗ്ഗം സമാപ്തം.

## നാലാം സൎഗ്ഗം.

1

ഏവമിന്ദ്രമൊഴി കേട്ടനസൂയ്യാ-
ദേവലോകപതിയോടത്തുനേരം ।
ദേവനാരികളിലും ബഹുകാന്ത്യാ
മേവിടും സതിയുരച്ചിതിവണ്ണം ॥

2

ഭാവദോഷമൊരു ലേശവുമെ ശീ-
ലാവതിക്കു നിരുപിക്കുകിലില്ല ।
ആവതല്ലവൾഗുണങ്ങളുരപ്പാ-
നേവനും നഹിയനന്തനുമോൎത്താൽ ॥

3

മിത്രനും ഹൃദി നിനക്കിലവൾക്ക-
ങ്ങത്തൽ ചേൎക്കുവതിനേററമസാദ്ധ്യം ।
വൃത്രവൈരിനഗരത്തിലുമോൎത്താ-
ലിത്രനല്ലൊരു പതിവ്രതയില്ല ॥

4

മിത്രനാലജിതയാകണമെന്നാൽ
ശക്തിയിസ്സതിയിലെത്ര വരേണം ।
ചിത്തവൃത്തി ഗുണമാണു ജഗത്തിൽ
ശക്തി, മൎത്ത്യനതിനില്ല വിവാദം ॥

5

ഭൎത്തൃഭക്തിഭയമെന്നിവതന്നെ
ശക്തി, നാരിജനതക്കു നിനച്ചാൽ ।
സക്തിവേണ്ടതുമതക്കതിലത്രെ
മുക്തികിട്ടുവതിനാകിലുമന്ത്യം ॥

6

ബ്രഹ്മനും ഹരിയുമീശ്വരനും ചേ-
ന്നിമ്മഹീതലമണഞ്ഞു പാർത്താൽ ।
കന്മഷംനഹി,വരാ,മതിന്നാൽ ഞാൻ
സമ്മതം മമ പതിക്കിതിലെന്നാൽ ॥

7

ഇപ്രകാരമനസൂയ്യവദിച്ചി-
ട്ടപ്രകാരമവിടുന്നമരേന്ദ്രൻ ।
ക്ഷിപ്രമത്രിയൊടുരച്ചനുവാദം
നിഷ്പ്രയാസമുടനങ്ങുളവാക്കി ॥

8

എന്നശേഷമജനും മുരവൈരി
ചന്ദ്രശേഖരനുമൊത്തനസൂയ്യാ ।
ചെന്നുമോദമൊടു, മഗ്രതപസ്സിൻ-
പർണ്ണശാലയതിലാദരപൂർവ്വം ॥

9

വിളിച്ചു ശീലാവതി തന്നെയപ്പോൾ
വെളിച്ചമേ ചെന്നനസൂയ്യതാനും ।
തളന്ന തന്വീമണിയാളൊടേറം
കിളന്നമോദാലുരചെയ്തുമന്ദം ॥

10

സൂര്യൻ സുതെ! വന്നുദിയായ്കമൂലം
കാര്യങ്ങളില്ലാതെ ചമഞ്ഞുപാരിൽ ।
ധൈര്യംശുഭേ! സാധുജനത്തിലുള്ളൊ-
ശൌര്യാദിയും പോയിമറഞ്ഞിതാര്യെ! ॥

11

ധർമ്മങ്ങളില്ലാതെ ചമഞ്ഞു വിപ്ര-
കർമ്മങ്ങൾ സർവ്വങ്ങളുമസ്തമിച്ചു ।
ശർമ്മാപഹം ക്രൂരതളും നിരന്നു
നിർമ്മായമിപ്പാരിലശേഷമിപ്പോൾ ॥

12

പാരിൽപരം ചോരർ നിരന്നു വിത്തം
നേരിട്ടുപാടെ കവരുന്നു കഷ്ടം! ।
ദാരിദ്ര്യവും സാധുജനത്തിലേറി
ചാരിത്രഭംഗം സതിമാർക്കുമായി ॥

13

ജീവൊന്നു രക്ഷിപ്പതിനായനേകം
ജീവൻ നശിപ്പിപ്പതിലുള്ള ദോഷം ।
പോവുന്നതല്ലെന്നു മഹാജനങ്ങൾ
വേവുന്ന ചിത്തത്തൊടുരപ്പതല്ലോ ॥

14

ഏവമുള്ള മൊഴികേട്ടു തദാ ശീ-
ലാവതീസതി ധരിച്ചു ഹൃദന്തേ ।
ഭാവമൊന്നധപകന്നു വദിച്ചാ-
ളേവമപ്പൊളനസൂയ്യയെ നോക്കി ॥

15

“മൃത്യു കാന്തൻ വരാത്തവിധം തൻ
മിത്രദേവനുദയാദ്രിയതിൻെറ ।
മസ്തകോപരി വിളങ്ങുകിലിങ്ങെൻ
ചിന്തതാരിലതിനില്ല വിരോധം” ॥

16

എന്നനേരമനസൂയ്യവദിച്ചാൾ
സന്നതാംഗിയൊടു മന്ദമിവണ്ണം ।
ഇന്ദ്രനും വിധിയുമാഹരിതാനും
ചന്ദ്രശേഖരനുമിങ്ങെഴുന്നെള്ളി ॥

17

ഇന്നിതൊക്ക തവ ഭാഗ്യവിശേഷം
തന്നെ, തെല്ലുമിനി വേണ്ട വിഷാദം ।
തന്വി! നിന്നുടയമംഗളമൊന്നും
നിന്നിലെന്നിയുളവാവുകയില്ല ॥

18

തുഷ്ടിപൂണ്ടഖിലലോകവുമൊന്നായ്
സൃഷ്ടിചെയ്യുമഖിലേശനുമിന്നിൽ ।
പെട്ടശോകമുടനൊക്കെയൊഴിപ്പാ-
നൊട്ടുമില്ല കഴിവെന്നുവരാമൊ? ॥

19

അക്കനിങ്ങിനിയുദിക്കവതിന്നാ-
യുൾക്കരുന്നിലതിമോദമിയന്നു ।
വെക്കമിങ്ങനുവദിക്കുക ലോകം-
തൊക്കെയെന്തിയൊരുപോലെയനർത്ഥം, ॥

20

അത്രികാന്തയുടെവാക്യമിവണ്ണം
സത്യമെന്നു മനതാരിലുറച്ചു ।
മിത്രദേവനുമുദിക്കുവതിന്നായ്
തത്രദേവിയനുവാദവുമേകി ॥

21

സൂൎയ്യദേവനുമുദിച്ചു ധരിത്രീ
സാരമൂൎത്തിയുദയാദ്രിയെ വിട്ടു ।
ധൈൎയ്യമോടഖിലലോകവുമപ്പോൾ
ദൈവപരമാണ്ടുവിലസീ പരിതോഷാൽ ॥

22

മൂന്നുനാളിഹ, ദിനേശനുദിപ്പാ-
നൊന്നുമില്ലവഴി'യെന്നു നിനച്ചു ।
കേണുവാണവരിലൊക്കയുമൊന്നായ്
വന്നുചേൎന്നുബഹുവിസ്മയമപ്പോൾ ॥

23

ഭൂരിഭൂസുരകുലേശ്വരരൊക്കം
ചാരിതാൎത്ഥ്യമൊടുമങ്ങുതുടങ്ങി ।
കൂരിരുട്ടിൽ വിരിയാതെ കിടക്കും
വാരിജാവലി ലസിച്ചുതുടങ്ങി ॥

24

ഹോമകൎമ്മമുടനങ്ങുതുടങ്ങി
ധൂമസഞ്ചയവുമമ്പൊടുപൊങ്ങി !
ആമയങ്ങളഖിലൎക്കുമൊടുങ്ങി
ഭീമദുഷ്ടജനമാകമടങ്ങി ॥

25

ഏവരും മണിഗൃഹങ്ങൾ തുറന്നു,
ദൈവചിന്തയകതാരിലുയൎന്നു ।
ഭീയെവൎക്കുമുളവായതകന്നു
ഭാവുകങ്ങളൊരുപോലെ വളൎന്നു ॥

26

നാരിമാർ ഗൃഹമടിച്ചുതളിച്ചു
ഭൂരിമോദമകതാരിലുദിച്ചു ।
സ്വൈരമായവർ പചിച്ചു ഭുജിച്ചു
പാരിലങ്ങുബഹുബാലർ കളിച്ചു ॥

27

ദേവപൂജബലിയോടു ധരിത്രീ[illegible]
ദേവരെങ്ങുമൊരുപോ[illegible]ല നടത്തി[illegible]
സാവധാനമഥ ദമ്പതിമാരും
ഭാവമൊത്തു വിലസീ പരിതോഷാൽ ॥

28

ചോരരൊക്കെയുടനോടിയൊളിച്ചു
ഭൂരിദുഷ്ടമൃഗജാലമൊഴിച്ചു ।
ധൈര്യമാർക്കുമകതാരിലുദിച്ചു
വൈരമാരുമുളവായതൊഴിച്ചു ॥

29

മരിച്ചു നല്ലുഗ്രതപസ്സു പാരിൽ
പതിച്ചു, തല്പത്നിയുമപ്രകാരം ।
ഇളച്ചു ബോധക്ഷയമാർന്നു, മോഹം
തഴച്ചുവീണാളൊരുമിച്ചുതന്നെ ॥

30

കണ്ടേവമേററമനസൂയ്യ പരിഭ്രമിക്ക-
കൊണ്ടാശ്രുകഷ്ടമവളാധിയൊടൊന്നു ഞെട്ടി ।
കണ്ടപ്പൊഴുഗ്രതപനിൽ ത്വരിതം തളിച്ചു
കൊണ്ടന്നുനൽസ്സലിലമംബുജസംഭവൻതാൻ ॥

31

പെട്ടെന്നു മാമുനിയുറങ്ങിയുണൎന്നെഴുന്നു.
ഞെട്ടുന്നു കണ്ണുകൾ മിഴിച്ചെഴുനീററിരുന്നു ।
പെട്ടെന്നുതന്നെ നിജകാന്തയുമങ്ങുണൎന്നു
തുഷ്ട്യാംമുനീന്ദ്രപദതാരിണെ കൂപ്പിനിന്നാൾ ॥

32

മൂൎത്തിത്ര[illegible]വരുമപ്പോൾ മുനീശ്വരന്റെ
മൂൎദ്ധാവിലക്ഷ[illegible]തലങ്ങളെ[illegible]ഞ്ഞുവെച്ചു
ചീൎത്തുള്ളമോദമൊടുരച്ചു മുനീശ്വരന്റെ
ചിത്തെ കുളുൎക്കുവതിനായവചനോടിവണ്ണം ॥

33

മാൻതൊഴുംപടി തെളിഞ്ഞു വിളങ്ങിടും സൌ-
ന്ദൎയ്യം ത്വദീയതനുതന്നിലുദിച്ചിടട്ടെ ।
സാരജ്ഞ! നിൻദുരിതമൊക്കെയകന്നിടട്ടെ
സ്വൈരം നിനക്കു ഭവ്യകങ്ങൾ ഭവിച്ചിടട്ടെ ॥

34

ജീവിക്ക ഭൂമിയിതിൽ നീയിനി ദീൎഘകാലം
ഭാവിച്ചിടും സകലകാൎയ്യനിവൃത്തിയോടെ ।
ഭാവംതെളിഞ്ഞവരൊരേവമുരച്ചു, മൂൎത്തി-
ഭാവേനമേവുമവരും ബത പോയ്മറഞ്ഞു ॥

35

അന്നത്രിസമീപേസതിയായൊരനസൂയ്യാ
ചെന്നെത്തിസുരേന്ദ്രൻ നിജലോകെ സുരരോടും
ചേൎന്നുഗ്രതപസ്സും നിജകാന്താസമമന്നാ-
ളൊന്നിച്ചുകഴിച്ചു ഗുണയോഗാൽ ചിലയാഗം ॥

36

ദുൎവ്വാസാവെന്നനാമത്തൊടുശിവ, നതുനാ,
ള്ളംബുജാക്ഷൻ സദാ തൽ
സൎവ്വാന്തൎയ്യാമിദത്തൻവിളിയൊടു, വിധിതാൻ
ചന്ദ്രനെന്നാഖ്യയോടും ।
ഗൎവ്വംതീരെ ജയിച്ചുള്ളൊരു മുനിവരനാ-
മത്രിതൻ പുത്രരായി.
ട്ടുൎവ്വീഭാരം നശിപ്പിപ്പതിനവരവനി-
ത്തട്ടിലന്നുത്ഭവിച്ചാർ ॥

---

ഉൾക്കാമ്പിൽ ബോധമില്ലാതൊരുജനതതിയിൽ
സത്യമാ-മസ്സതിന്നും
നില്ക്കാനത്യന്തമാശിച്ചുളവിതുലളിതം
പദ്യമായിത്തരത്തിൽ ।
സൽക്കാരം ചെയ്യുന്നാം ഞാനൊരുവിധമെഴുതി-
സ്സാധുലോകപ്രദീപ-
പ്രഖ്യാതം, കുഞ്ചനാൽപണ്ടെഴുതിയ ചെറുതാം
ഗദ്യ,മിപ്പദ്യകാവ്യം ॥

സമാപ്തം

---

താഴെ വിവരിക്കുന്ന മേൽവിലാസത്തിൽ കത്തയച്ചാൽ ആവശ്യക്കാൎക്കു ഈ പുസ്തകം അയച്ചു കൊടുക്കുന്നതാണ്.

---


കെ. സി. ഉണ്ണിരാമൻനായർ

പടിഞ്ഞാററംമുറി അംശം കിഴക്കുംമുറി ദേശം

കോഴിക്കോട്,

പോസ്റ്റ് എരഞ്ഞിപ്പാലം.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* മ0 2 *Acc. No.* 13494

This book should be returned on or before the date last stamped below.

27 JUL 1989

15494.

NA-2.

ഉണ്ണിരാമൻ നായര് കാക്കശ്ശി
രില. വഞ്ചിചരിതം.